# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം.6743 01.11.2011 ൽ മറുപടിക്ക്

**മലബാർ ദേവസ്വം ബോർഡിൽ അന്യാധീനപ്പെട്ട ക്ഷേത്ര സ്വത്തുക്കൾ**

**ചോദ്യം**

ശ്രീ ഐ.സി.ബാലകൃഷ്ണൻ

**ഉത്തരം**

ശ്രീ വി.എസ്.ശിവകുമാർ

ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ | അന്യാധീനപ്പെട്ട ക്ഷേത്ര സ്വത്തുക്കൾ വീണ്ടെടുക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ? | എ & ബി | അന്യാധീനപ്പെട്ട ക്ഷേത്ര സ്വത്തുക്കൾ വീണ്ടെടുക്കുന്നതിന് റവന്യൂ വകുപ്പുമായി ചേർന്ന് ഒരു കർമ്മ പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നു. റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ലാന്റ് കൺസർവൻസി യൂണിറ്റ് ബോർഡിൽ സ്ഥാപിക്കുന്ന കാര്യവും ആലോചിച്ചുവരുന്നു. |
| ബി | ഇതിനായി എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്? | | |
| സി | കയ്യേറ്റക്കാർക്ക് ഭൂമി പതിച്ചുകൊടുക്കുവാൻ സമ്മതമാണ് എന്ന് കാണിച്ചുകൊണ്ട് മലബാർ ദേവസ്വം ബോർഡ് പ്രസിഡന്റ് റവന്യൂ അധികാരികൾക്ക് കത്ത് എഴുതിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | സി ഡി ഇ എഫ് & ജി | ഇപ്രകാരമുള്ള ഒരു കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം വിശദമായി പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |
| ഡി | ഇപ്രകാരം ഒരു കത്തെഴുതുവാൻ മലബാർ ദേവസ്വം ബോർഡ് പ്രസിഡന്റിന് അധികാരമുണ്ടോ? | | |
| ഇ | പ്രസിഡന്റിന്റെ പ്രസ്തുത നിലപാട് നിയമാനുസൃതമാണോ? സർക്കാരിന്റെ നയങ്ങൾക്ക് അനുസൃതമാണോ? | | |
| എഫ് | മലബാർ ദേവസ്വം ബോർഡ് പ്രസിഡന്റിന്റെ പ്രസ്തുത അധികാര ദുർവിനിയോഗത്തിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ? | | |
| ജി | പ്രസിഡന്റിന്റെ നിയമവിരുദ്ധമായ പ്രവർത്തികളെ കുറിച്ച് ഒരു വിജിലൻസ് അന്വേഷണം നടത്തുമോ? | | |

സെക്ഷൻ ഓഫീസർ